**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3503** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഐ. ടി. മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആഗോള തലത്തിൽ അമേരിക്ക ഉൾപ്പടെയുള്ള രാജ്യങ്ങളിലെ തൊഴിൽ വിസ നിയന്ത്രണങ്ങളും വാണിജ്യ നയങ്ങളും കേരളത്തിലെ ഐ. ടി. മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് എത്രത്തോളം പ്രതിസന്ധി ഉണ്ടാക്കുന്നുവെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ആഗോള തലത്തിൽ അമേരിക്ക ഉൾപ്പടെയുള്ള രാജ്യങ്ങളിലെ തൊഴിൽ വിസ നിയന്ത്രണങ്ങളും വാണിജ്യ നയങ്ങളും കേരളത്തിലെ ഐ.ടി. മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് എത്രത്തോളം പ്രതിസന്ധി ഉണ്ടാക്കുമെന്നത് തൊഴിൽ വകുപ്പ് പരിശോധനാവിധേയമാക്കിയിട്ടില്ല. |
| (ബി) | ഐ. ടി. മേഖലയിൽ നിർമ്മിത ബുദ്ധിയുടെ ഉപയോഗം വർധിക്കുന്നതോടെ കൂടുതൽ പേർക്ക് തൊഴിൽ നഷ്ടപ്പെടുന്നതിനുള്ള സാധ്യതകൾ നിലനിൽക്കുന്നുണ്ടോ; ആയത് വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നിർമ്മിത ബുദ്ധിയുടെ കടന്നുവരവ് കേരളത്തിലെ തൊഴിൽ മേഖലയെ കാര്യമായി മാറ്റിയെടുക്കും. ഇത് തൊഴിലവസരങ്ങളെ പൂർണ്ണമായും ഇല്ലാതാക്കുകയല്ല, മറിച്ച് തൊഴിൽ രീതികളെ പരിവർത്തനം ചെയ്യുകയാണ് ചെയ്യുന്നത്. ആവർത്തന സ്വഭാവമുള്ളതും, വിവരങ്ങൾ ശേഖരിക്കുന്നതുമായ ജോലികൾ AI കൂടുതൽ കാര്യക്ഷമമായി ചെയ്യും. ഇത് മനുഷ്യന് കൂടുതൽ സങ്കീർണ്ണവും, സർഗാത്മകവുമായ ജോലികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവസരം നൽകും. കേരളത്തിലെ ശക്തമായ സേവനമേഖലയിൽ, ഡാറ്റാ എൻട്രി പോലുള്ള ജോലികളിൽ കുറവ് വരാൻ സാധ്യതയുണ്ട്. എന്നാൽ AI-യുമായി ചേർന്ന് പ്രവർത്തിക്കാൻ കഴിവുള്ളവർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. |
| (സി) | ഐ. ടി. മേഖലയിൽ നിന്ന് പിരിച്ചുവിടപ്പെടുന്ന ജീവനക്കാർക്ക് നിയമപരമായ ആനുകൂല്യങ്ങളും പുനരധിവാസവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ; | (സി) | ഐ.ടി മേഖലയിൽ നിന്ന് പിരിച്ചു വിടപ്പെടുന്ന ജീവനക്കാർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി 1947-ലെ വ്യവസായതർക്ക നിയമപ്രകാരം റീട്രെഞ്ച്മെന്റ് കോമ്പൻസേഷനായി ജില്ലാ ലേബർ ഓഫീസർ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതും കൂടാതെ 1972 ലെ പെയ്മെൻറ് ഓഫ് ഗ്രാറ്റുവിറ്റി നിയമപ്രകാരം ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതുമാണ്. ഇപ്രകാരം ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | | | അപേക്ഷകളിൽ വകുപ്പുതലത്തിൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് നിയമാനുസൃതമായ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതാണ്. പിരിച്ചു വിടപ്പെട്ട ഐ.ടി പ്രൊഫഷണലുകളുടെ പുനരധിവാസത്തിനായി സംസ്ഥാന തൊഴിൽ വകുപ്പ് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനത്തെ ഐ. ടി. മേഖലയിൽ തൊഴിലെടുക്കുന്ന ജീവനക്കാർ നേരിടുന്ന വിവിധ പ്രതിസന്ധികളെ സംബന്ധിച്ച് സമഗ്ര പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ ഐ.ടി. മേഖലകളിൽ ജോലി ചെയ്യുന്നവരുടെ വിവിധ പ്രതിസന്ധികൾ സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിൽ വകുപ്പിൽ ലഭിക്കുന്ന തൊഴിൽ നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളിലും, തൊഴിൽ സ്ഥലത്ത് തൊഴിലാളികൾ നേരിടുന്ന തൊഴിൽപരവും വ്യക്തിപരവുമായ ഹരാസ്സ്മെന്റ് സംബന്ധിച്ച പരാതികളും ഉചിതമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ